# മഹാത്മാഗാന്ധി സർവ്വകലാശാല, കോട്ടയം

കെ. എൻ. വേണുഗോപാലൻ കർത്ത
പബ്ലിക് റിലേഷൻസ് ഓഫീസർ
ഫോൺ: 0481 2731020, 2732650,
മൊബൈൽ: 9846720402

പി.ആർ.ഒ/36/169/2017 **പത്രക്കുറിപ്പ്** 2017 ആഗസ്റ്റ് 11

**എം. ജി ബിരുദ ഏകജാലകം : ര ാം സപ്ലിമെന്ററി അലോട്ട്മെന്റിൽ യോഗ്യത നേടിയവർ ആഗസ്റ്റ് 14 ന് വൈകീട്ട് 4 മണിക്കു മുൻപായി പ്രവേശനം നേടണം.**

മഹാത്മാഗാന്ധി സർവ്വകലാശാലാ ഏകജാലകം വഴി 2017ൽ ബിരുദ പ്രവേശനത്തിന് രണ്ടാം സപ്ലിമെന്ററി അലോട്ട്മെന്റ് ലഭിച്ച അപേക്ഷകർ അലോട്ട്മെന്റ് മെമ്മോയുടെ പ്രിന്റൗട്ട് എടുത്ത് ഓൺലൈനായി സർവ്വകലാശാല അക്കൗണ്ടിൽ വരേണ്ട ഫീസടച്ച് ആഗസ്റ്റ് 14 ന് വൈകുന്നേരം നാലു മണിക്കു മുൻപായി അലോട്ട്മെന്റ് ലഭിച്ച കോളേജിൽ യോഗ്യത തെളിയിക്കുന്ന അസ്സൽ സാക്ഷ്യപത്രങ്ങൾ സഹിതം ഹാജരായി പ്രവേശനം നേടേണ്ടതാണ്. ആഗസ്റ്റ് 14 ന് വൈകുന്നേരം നാലു മണിക്കു മുൻപായി ഫീസ് അടക്കാത്തവരുടെയും ഫീസടച്ച ശേഷം കോളേജിൽ പ്രവേശനം നേടാത്തവരുടെയും അലോട്ട്മെന്റ് റദ്ദാക്കുന്നതാണ്. രണ്ടാം സപ്ലിമെന്ററി അലോട്ട്മെന്റിൽ സ്ഥിര പ്രവേശനം മാത്രമേ ഉണ്ടായിരിക്കുകയുള്ളൂ.

**പുതുക്കിയ പ്രോജക്റ്റ് മൂല്യനിർണ്ണയ തീയതി (ദയവായി എല്ലാ എഡീഷനുകളിലും)**

ജൂലായ് 30 ന് തിരുവനന്തപുരം ഗവ : സംസ്കൃതകോളേജിൽ നടത്താനിരുന്ന ബി. ബി. എ. ഓഫ് ക്യാമ്പസ് 2017 ഏപ്രിൽ ഡിഗ്രി പരീക്ഷയുടെ പ്രോജക്റ്റ് മൂല്യനിർണ്ണയം ആഗസ്റ്റ് 13 ന് രാവിലെ 10 മണി മുതൽ ഇതേ കേന്ദ്രത്തിൽ വച്ച് നടത്തും. വിശദമായ ടൈം ടേബിൾ സർവ്വകലാശാലാ വെബ്സൈറ്റിൽ ലഭ്യമാണ്.

**അഞ്ചും മൂന്നും സെമസ്റ്റർ യൂ. ജി. (സി. ബി. സി. എസ്. എസ്) : അപേക്ഷാതീയതി**

അഞ്ചാം സെമസ്റ്റർ യു. ജി (സി. ബി. സി. എസ്. എസ് - 2015 അഡ്മിഷൻ റഗുലർ/2013, 2014 അഡ്മിഷൻ സപ്ലിമെന്ററി) പരീക്ഷകൾ ഒക്ടോബർ 5 നും, മൂന്നാം സെമസ്റ്റർ യു. ജി (സി. ബി. സി. എസ്. എസ് - 2016 അഡ്മിഷൻ റഗുലർ/2013 മുതൽ 2015 വരെയുള്ള അഡ്മിഷൻ റീ അപ്പിയറൻസ്/സപ്ലിമെന്ററി) ഡിഗ്രി പരീക്ഷകൾ ഒക്ടോബർ 6 നും ആരംഭിക്കും. അപേക്ഷകൾ പിഴയില്ലാതെ ആഗസ്റ്റ് 30 വരെയും, 50 രൂപ പിഴയോടെ 31 വരെയും, 500 രൂപ സൂപ്പർഫൈനോടെ സെപ്റ്റംബർ 11 വരെയും സ്വീകരിക്കും. 2015 & 2016 അഡ്മിഷൻ വിദ്യാർത്ഥികൾ കോളേജുകൾ വഴി ഓൺലൈനായി അപേക്ഷിക്കണം.

മൂന്നും, അഞ്ചും സെമസ്റ്റർ യു. ജി (സി. ബി. സി. എസ്. എസ് - 2013 ന് മുൻപുള്ള അഡ്മിഷൻ സപ്ലിമെന്ററി/മേഴ്സിചാൻസ്) വിദ്യാർത്ഥികളുടെ പരീക്ഷകൾക്ക് പിഴയില്ലാതെ സെപ്റ്റംബർ 14 വരെയും, 50 രൂപ പിഴയോടെ 15 വരെയും, 500 രൂപ സൂപ്പർഫൈനോടെ സെപ്റ്റംബർ 18 വരെയും അപേക്ഷിക്കാം. ഡൗൺലോഡ് ചെയ്തെടുക്കുന്ന അപേക്ഷാ ഫോമിന്റെ വിലയായി 20 രൂപയ, പേപ്പറൊന്നിന് 20 രൂപ (പരമാവധി 100) രൂപ സി. വി ക്യാമ്പ് ഫീസായും അടക്കണം. 2009 & 2010 അഡ്മിഷൻ വിദ്യാർത്ഥികൾ 7000 രൂപയും, 2011 അഡ്മിഷൻ വിദ്യാർത്ഥികൾ 5000/- രൂപയും സ്പെഷ്യൽ ഫീസായി നിശ്ചിത പരീക്ഷാഫീസിനും, സി. വി ക്യാമ്പ് ഫീസിനും പുറമേ അടക്കണം. നിശ്ചിത തിയതിക്ക് ശേഷം ലഭിക്കുന്ന അപേക്ഷകൾ പരിഗണിക്കുന്നതല്ല. വിശദമായ ടൈംടേബിൾ പിന്നീട് പ്രസിദ്ധീകരിക്കും.

**പ്രോജക്റ്റ് മൂല്യനിർണ്ണയം, വൈവാവോസി**

2017 ജൂണിൽ നടത്തിയ നാലാം സെമസ്റ്റർ എം. എസ്സി. ബയോകെമിസ്ട്രി (സി. എസ്. എസ് - 2015 അഡ്മിഷൻ റഗുലർ/2012, 2013 & 2014 അഡ്മിഷൻ സപ്ലിമെന്ററി/മേഴ്സിചാൻസ്) ഡിഗ്രി പരീക്ഷയുടെ പ്രോജക്റ്റ് ഇവാല്യൂവേഷൻ, വൈവാ വോസി എന്നിവ ആഗസ്റ്റ് 21 മുതൽ ബന്ധപ്പെട്ട കോളേജുകളിൽ നടത്തും. വിശദമായ ടൈംടേബിൾ സർവ്വകലാശാലാ വെബ്സൈറ്റിൽ ലഭ്യമാണ്.

**എം. ബി. എ പ്രവേശനം**

അഫിലിയേറ്റഡ് കോളേജുകളിൽ 2017 - 18 അധ്യയന വർഷം എം. ബി. എ പ്രവേശനത്തിനുള്ള അവസാന തിയതി ആഗസ്റ്റ് 21 വരെയാക്കി ദീർഘിപ്പിച്ചു.

**പരീക്ഷാഫലം**

2017 ജനുവരിയിൽ നടത്തിയ മൂന്നാം സെമസ്റ്റർ എം. എ ഹിന്ദി (സി. എസ്. എസ് - റഗുലർ/ഇംപ്രൂവ്മെന്റ്/സപ്ലിമെന്ററി) ഡിഗ്രി പരീക്ഷകളുടെ ഫലം പ്രസിദ്ധപ്പെടുത്തി. സൂക്ഷ്മപരിശോധനയ്ക്കും പുനർമൂല്യനിർണയത്തിനുമുള്ള അപേക്ഷകൾ ആഗസ്റ്റ് 21 വരെ സ്വീകരിക്കും.

2017 ജനുവരിയിൽ നടത്തിയ മൂന്നാം സെമസ്റ്റർ എം. എ പൊളിറ്റിക്കൽ സയൻസ് (സി. എസ്. എസ് - റഗുലർ/ഇംപ്രൂവ്മെന്റ്/സപ്ലിമെന്ററി) ഡിഗ്രി പരീക്ഷകളുടെ ഫലം പ്രസിദ്ധപ്പെടുത്തി. സൂക്ഷ്മപരിശോധനയ്ക്കും പുനർമൂല്യനിർണയത്തിനുമുള്ള അപേക്ഷകൾ ആഗസ്റ്റ് 24 വരെ സ്വീകരിക്കും.

2016 നവംബറിലും, 2017 ജനുവരിയിലും നടത്തിയ ഒന്നും രണ്ടും സെമസ്റ്റർ ബി. പി. എഡ് (2015 അഡ്മിഷൻ) ഡിഗ്രി പരീക്ഷകളുടെ ഫലം പ്രസിദ്ധപ്പെടുത്തി. സൂക്ഷ്മപരിശോധനയ്ക്കും പുനർമൂല്യനിർണയത്തിനുമുള്ള അപേക്ഷകൾ ആഗസ്റ്റ് 25 വരെ സ്വീകരിക്കും.

2017 ജനുവരിയിൽ നടത്തിയ മൂന്നാം സെമസ്റ്റർ എം. എസ്സി. ആക്ചൂറിയൽ സയൻസ് ( റഗുലർ/ ഇംപ്രൂവ്മെന്റ്/ സപ്ലിമെന്ററി) ഡിഗ്രി പരീക്ഷകളുടെ ഫലം പ്രസിദ്ധപ്പെടുത്തി. സൂക്ഷ്മപരിശോധനയ്ക്കും പുനർമൂല്യനിർണയത്തിനുമുള്ള അപേക്ഷകൾ ആഗസ്റ്റ് 24 വരെ സ്വീകരിക്കും.

2017 ജനുവരിയിൽ നടത്തിയ മൂന്നാം സെമസ്റ്റർ എം. എസ്സി. മൈക്രോബയോളജി (റഗുലർ/ ഇംപ്രൂവ്മെന്റ്/ സപ്ലിമെന്ററി) ഡിഗ്രി പരീക്ഷകളുടെ ഫലം പ്രസിദ്ധപ്പെടുത്തി. സൂക്ഷ്മപരിശോധനയ്ക്കും പുനർമൂല്യനിർണയത്തിനുമുള്ള അപേക്ഷകൾ ആഗസ്റ്റ് 24 വരെ സ്വീകരിക്കും.

**സൂക്ഷ്മപരിശോധന**

2016 ഒകടോബറിൽ നടത്തിയ മൂന്നാം സെമസ്റ്റർ ബി. കോം (സി. ബി. സി. എസ്. എസ്) ഡിഗ്രി പരീക്ഷയുടെ സൂക്ഷ്മപരിശോധനയക്ക് അപേക്ഷ നൽകിയിട്ടുള്ളവർ ആഗസ്റ്റ് 16, 17, 18 തീയതികളിൽ പുതിയ പരിക്ഷാഭവനിലെ റൂം നമ്പർ 226 ൽ ഹാൾടിക്കറ്റോ, ഫോട്ടോപതിച്ച തിരിച്ചറിയൽ രേഖയോ സഹിതം ഹാജരാകണം.

**ക്ലാസ്സുകൾ ആഗസ്റ്റ് 16 ന് ആരംഭിക്കും**

സ്കൂൾ ഓഫ് ഇന്ത്യൻ ലീഗൽ തോട്ടിലെ ഒന്നാം സെമസ്റ്റർ പഞ്ചവത്സര ബി. ബി. എ. എൽ. എൽ. ബി. ക്ലാസ്സുകൾ ആഗസ്റ്റ് 16 ന് രാവിലെ 10 മണിക്ക് ആരംഭിക്കും. ഫോൺ : 0481 2310165.

**സംവരണ സീറ്റൊഴിവ്**

മഹാത്മാഗാന്ധി സർവ്വകലാശാലാ സ്കൂൾ ഓഫ് ബയോസയൻസസിൽ നടത്തുന്ന എം. എസ്സി. ബയോഫിസിക്സ്, എം. എസ്സി. മൈക്രോബയോളജി കോഴ്സുകളിൽ എസ്.ടി വിഭാഗത്തിൽ ഓരോ സീറ്റു വീതം ഒഴിവുണ്ട്. യോഗ്യരായ വിദ്യാർത്ഥികൾ അസ്സൽ സർട്ടിഫിക്കറ്റുകളുമായി ആഗസ്റ്റ് 16 ന് രാവിലെ 11 മണിക്ക് സ്കൂൾ ഓഫ് ബയോസയൻസസിൽ ഹാജരാകണം. ഫോൺ : 0481 2731035,

**ഉത്തരക്കടലാസ് മൂല്യനിർണ്ണയം**

2017 ജൂലായിൽ നടത്തിയ ഒന്നാം സെമസ്റ്റർ എം. ടെക് (2013, 2014 അഡ്മിഷൻ സപ്ലിമെന്ററി) ഡിഗ്രി പരീക്ഷയുടെ ഉത്തരക്കടലാസുകൾ മൂല്യനിർണ്ണയത്തിനായി പാമ്പാടി ആർ. ഐ. റ്റി യിൽ നടക്കുന്ന മൂല്യനിർണ്ണയക്യാമ്പിലെ ഒഫീസറെ ബന്ധപ്പെട്ട കോളേജുകളിൽ നിന്നും അടിയന്തിരമായി എല്പിക്കേണ്ടതാണ്.

**ഇന്നത്തെ സിൻഡിക്കേറ്റ് തീരുമാനങ്ങൾ**

1) ഡോ. വി. സി. ഹാരിസ് നൽകിയ വിശദീകരണവും സർവ്വകലാശാലയ്ക്ക് നൽകിയ ഉറപ്പുകളും പരിഗണിച്ച് സ്കൂൾ ഓഫ് ലെറ്റേഴ്സിന്റെ വകുപ്പധ്യക്ഷ സ്ഥാനത്ത് ഡോ. വി. സി. ഹാരിസിന് പുനർനിയമനം നൽകാൻ ഇന്നു ചേർന്ന സർവ്വകലാശാലാ സിൻഡിക്കേറ്റ് യോഗം തീരുമാനിച്ചു.

2) സിൽവർജൂബിലി പരീക്ഷഭവന്റെ പുതുതായി നിർമ്മാണം പൂർത്തിയാക്കിയ നിലകളിൽ ക്യൂബിക്കിളുകൾ സ്ഥാപിക്കുന്നതിനും, വിദ്യാർത്ഥികൾക്കുള്ള ഗ്രേഡ് കാർഡുകളും സർട്ടിഫിക്കറ്റുകളും അതിവേഗം തയ്യാറക്കുന്നതിനാവശ്യമായ അത്യാധുനിക പ്രിന്റർ സ്ഥാപിക്കുന്നതിനും തീരുമാനിച്ചു.

3) 50 പേർക്ക് ഫെലോഷിപ്പ് നൽകുവാനും സിൻഡിക്കേറ്റ് യോഗം തീരുമാനിച്ചു

സിൻഡിക്കേറ്റ് യോഗത്തിൽ വൈസ്ചാൻസലർ ഡോ. ബാബു സെബാസ്റ്റ്യൻ അദ്ധ്യക്ഷത വഹിച്ചു.

**പബ്ലിക് റിലേഷൻസ് ഓഫീസർ (ഇൻ ചാർജ്)**